നം. സി1/20078/റ്റിസി/09

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം,
തീയതി 16.11.2009

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാക്കും.

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് - സ്റ്റേജ് ക്യാരേജുകളിലെ ജീവനക്കാർ യൂണിഫോം ധരിക്കുന്നത് - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. 06.06.2002 തീയതിയിലെ സി1/4112/റ്റിസി/97 എന്ന നമ്പരിലുള്ള വിജ്ഞാപനം.
2. കേരള ബസ്സ് പാസ്സഞ്ചേഴ്സ് അസ്സോസ്സിയേഷന്റെ പരാതി.

മേൽ പ്രസ്താവിച്ച വിഷയത്തിലേക്കും അതുമായി ബന്ധപ്പെട്ട സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരമുള്ള വിജ്ഞാപനത്തിൽ 1989 ലെ കേരളാ മോട്ടോർ വാഹന ചട്ടം 153(സി) അധികാരപ്പെടുത്തിയിട്ടുള്ള പ്രകാരം സ്റ്റേജ് ക്യാരേജുകളിലെ ഡ്രൈവറും, കണ്ടക്ടറും അല്ലാതെ നിയമിക്കപ്പെടുന്നതും കേരളാ മോട്ടോർ വാഹന ചട്ടം 153 (ബി) ൽ പരാമർശിച്ചിട്ടുള്ളതും ആയ ഏതൊരാളും ജോലി സമയത്ത് താഴെ പറയുന്ന യൂണിഫോം ധരിക്കണമെന്നാണ്.

1. നേവി ബ്ലൂ നിറത്തിലുള്ള പാന്റും രണ്ട് പോക്കറ്റോടുകൂടിയ അരക്കൈ ഷർട്ടും.
2. വലത്തേ ഷർട്ട് പോക്കറ്റിന് മുകളിൽ ഏഴര സെന്റീമീറ്റർ നീളത്തിലും, 2 സെന്റീമീറ്റർ വീതിയിലുമുള്ള വെള്ള നിറത്തിലുള്ള പ്ലാസ്റ്റിക് പ്രതലത്തിൽ അര സെന്റീമീറ്റർ കനത്തിലുള്ള കറുത്ത അക്ഷരങ്ങളോടു കൂടിയ നെയിം ബാഡ്ജും ധരിച്ചിരിക്കണം. നെയിം ബാഡ്ജിന് പുറകിൽ ലോഹത്തിലോ, പ്ലാസ്റ്റിക്കിലോ ഉള്ള രണ്ട് കൊളുത്തുകൾ ഉണ്ടായിരിക്കണം. പ്ലേറ്റിനേക്കാൾ ചെറുതായ ഒരു സേഫ്റ്റി പിൻ കൊണ്ട് ഷർട്ടിന്റെ വലത്തേ പോക്കറ്റിന് മുകളിലായി നെയിം ബാഡ്ജ് പിടിപ്പിച്ചിരിക്കണം.

സൂചന (2) പ്രകാരമുള്ള നിവേദനത്തിൽ കേരള സ്റ്റേറ്റ് ബസ്സ് പാസ്സഞ്ചേഴ്സ് അസ്സോസ്സിയേഷന്റെ പരാതി മേൽ പ്രസ്താവിച്ച വിജ്ഞാപനം പാലിക്കപ്പെടുന്നില്ല എന്നാണ്. ആയത് കൊണ്ട് ഈ കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി വിജ്ഞാപന പ്രകാരമുള്ള യൂണിഫോം ധരിക്കാത്ത സ്റ്റേജ് ക്യാരേജുകളിലെ ജീവനക്കാർക്കെതിരെയും സ്റ്റേജ് ക്യാരേജുകൾക്കെതിരെയും മോട്ടോർ വാഹന നിയമ പ്രകാരം കർശനമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി.റ്റി.സി. (ടാക്സേഷൻ),
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട് 25/11/09